## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 161

22-01-2014 ൽ മറുപടിക്ക്

### എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. പാലോട് രവി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിന്റെ ആധുനിക വൽക്കരണത്തിന് പദ്ധതി രൂപീകരി ച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. മൊബൈൽ ലിക്വർ അനലിറ്റിക്കൽ ലാബ്, വയർലെസ് സംവിധാനം, സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്ററിന്റെ നവീകരണ പ്രവർത്തനം എന്നിവയാണ് പദ്ധതിയിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് കൂടാതെ, പദ്ധതിയേതര ഇനത്തിൽ, 2.75 കോടി രൂപ അനുവദിച്ചിട്ടുള്ളതും, ആയതിൽ നിന്നും, എൻഫോഴ്സ്മെന്റ് പ്രവർത്തന ങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, 50 മോട്ടോർ ബൈക്കുകൾ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിനായി, കമ്പ്യൂട്ടറുകൾ, സ്കാനറുകൾ, പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനും നടപടികൾ നടന്നുവരുന്നു. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാ ക്കുമോ ; | ബി) എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, ചെക്ക് പോസ്റ്റുക ളിലെ വാഹനപരിശോധന കൂടുതൽ കാര്യക്ഷമമാ ക്കുക, എക്സൈസ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, എക്സൈസ് അക്കാദമിയുടെ നവീകരണം, ഉന്നതനിലവാരത്തി ലുള്ള വാർത്താവിനിമയ ശൃംഖല സ്ഥാപിക്കുക, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവും വേഗത്തിലുമാക്കുന്നതിന് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുക, ലൈസൻ സ്ഡ് സ്ഥാപനങ്ങളിൽ ശുദ്ധമായ കള്ള് / മദ്യം മാത്രമേ വിൽക്കുന്നുള്ളൂ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുക, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ വാഹനങ്ങൾ നല്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതുമാ യി സഹകരിക്കുന്നതെന്ന് അറിയിക്കു മോ ; | സി) പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിങ്, ഐ.ടി. മിഷൻ, ഐ.ടി. വകുപ്പ്, ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി. |

ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഡി) 1) മൊബൈൽ ലിക്വർ അനലിറ്റിക്കൽ ലാബ്

ദക്ഷിണമേഖലയിൽ ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബിന് ഭരണാനുമതി ലഭിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ടി ലാബിന്റെ പ്രവർത്തനത്തിന് ഒരു ജൂനിയർ സയന്റിഫിക് ഓഫീസറിന്റേയും ഒരു ലാബ് അസിസ്റ്റന്റിന്റേയും തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. മേൽ തസ്തികകളിലേയ്ക്ക് ചീഫ് കെമിക്കൽ എക്സാമിനർ ലാബോറട്ടറിയിൽ നിന്നും ഒരു ജൂനിയർ സയന്റിഫിക് ഓഫീസർ, ഒരു ലാബ് അസിസ്റ്റന്റ് എന്നിവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എക്സൈസ് വകുപ്പിൽ നിയമിച്ച് ഉത്തരവായിട്ടുള്ള താണ്. കൂടാതെ, മദ്ധ്യമേഖല കേന്ദ്രമാക്കി എറണാ കുളത്ത് പുതിയ ഒരു മൊബൈൽ ലാബ് ആരംഭിക്കു ന്നതിന് അനുമതി നൽകുകയും, ടി ലാബിന് വേണ്ടി 11,02,284/- രൂപ ചെലവാക്കി ഒരു വാഹനം വാങ്ങുന്ന തിന് ഭരണാനുമതി നൽകുകയും, ആയതിന് നടപടി കൾ സ്വീകരിച്ചും വരുന്നു.

2) വയർലെസ് സംവിധാനം

വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെ ടുത്തി, വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, പോലീസ് ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ സഹായത്തോടെ, എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ആയതിന് വേണ്ടി, 2013-14 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 110 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

3) എക്സൈസ് അക്കാദമിയുടെ നവീകരണം

എക്സൈസ് അക്കാദമിയുടെ നവീകരണത്തി നായി, 2013-14 സാമ്പത്തിക വർഷത്തെ പ്ലാൻഫണ്ടിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്. ആയത് ഉപയോഗപ്പെടുത്തിയുള്ള നവീകരണ പ്രവർത്തന ങ്ങൾ നടന്നുവരുന്നു.

4) എക്സൈസ് എൻഫോഴ്സ്മെന്റ്

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ 50 മോട്ടോർ ബൈക്കുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭിക്കുകയും, ആയത് വാങ്ങുന്നതിനുള്ള നടപടിക്രമ ങ്ങൾ നടന്നുവരികയുമാണ്. കൂടാതെ, 2011-12 സാമ്പ ത്തിക വർഷം, എക്സൈസ് വകുപ്പിൽ 33 ജീപ്പു കളും, 2012-13 സാമ്പത്തിക വർഷത്തിൽ 70 മോട്ടോർ ബൈക്കുകളും വാങ്ങിയിട്ടുള്ളതാണ്. പുതുതായി രൂപീകരിച്ച അട്ടപ്പാടി എക്സൈസ് ഓഫീസിലേയ്ക്ക് എൻഫോഴ്സ്മെന്റ് പ്രവർത്തന ങ്ങൾക്കായി ഒരു ജീപ്പ് അനുവദിച്ചിട്ടുള്ളതാണ്.

. . . . 3

**5) എക്സൈസ് ക്രൈം റെക്കാർഡ്സ് ബ്യൂറോ**

അബ്കാരി, എൻ.ഡി.പി.എസ്. കേസുകളുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും, വിശകലനം ചെയ്യുന്നതിനും, കുറ്റവാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി, എക്സൈസ് ക്രൈം റെക്കാർഡ്സ് ബ്യൂറോ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.

**6) ഇ-ഗവേണൻസ്.**

എക്സൈസ് വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനും, ഇ.സി.ആർ.ബി. സോഫ്റ്റ് വെയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, വകുപ്പിൽ 5.20 ലക്ഷം രൂപ ചെലവിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി.

**7) സർവ്വീസ് പ്ലസ് (ഇ-സർവ്വീസ്)**

എൻ.ഐ.സി.-യുടെ സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്‌വെയർ പ്രയോജനപ്പെടുത്തുന്നതിനായി ഇലക്ട്രോണിക് രൂപത്തിൽ നൽകാൻ കഴിയുന്ന ഇരുപത്തിരണ്ടോളം സർവ്വീസുകൾ കണ്ടെത്തി, എട്ടോളം സർവ്വീസുകളുടെ സർവ്വീസ് ഡിസൈനർ ഗൈഡ് പൂരിപ്പിച്ച എൻ.ഐ.സി, ഡൽഹി-യ്ക്ക് നൽകിയിട്ടുണ്ട്.

**8) വെടിയുണ്ടകൾ സംബന്ധിച്ച വിവരങ്ങൾ**

എക്സൈസ് വകുപ്പിലുണ്ടായിരുന്ന 110 എണ്ണം 0.32 പിസ്റ്റളുകൾക്ക് 26000 എണ്ണം വെടിയുണ്ടകൾ പൂനയിലെ അമ്മ്യൂണിഷൻ ഫാക്ടറിയിൽ നിന്നും ആകെ 8,53,122/- രൂപ ചെലവഴിച്ച് വാങ്ങുകയുണ്ടായി.

സെക്ഷൻ ആഫീസർ